Talented Bankers Literary Panel

പുസ്തക പരിചയം 110

പുസ്തകം പരിചയപ്പെടുത്തുന്നത് ഐശ്വര്യ വിമോഷ്

കാനറാ ബാങ്ക്

**ഗുരുസാഗരം**

**ഒ. വി. വിജയൻ**

"സനാതനമായ ഊർജ്ജം ജൈവരൂപങ്ങളിലൂടെ സഫലീകരിക്കുന്ന പ്രയാണവും പരിണാമവുമാണ് ഗുരു. മനുഷ്യനും മനുഷ്യനുമായുള്ള സമസ്ത സമ്പർക്കങ്ങളിലും, എന്തിന് മനുഷ്യനും പ്രകൃതിയും മൃഗവും ചരിത്രസംഭവങ്ങളുമായുള്ള കൂട്ടായ്മകളിൽ പോലും ഗുരു അന്തർലീനനാണ്. ബംഗ്ലാദേശിലെ യുദ്ധം റിപ്പോർട്ട് ചെയ്യുവാൻ ചെല്ലുന്ന കുഞ്ഞുണ്ണി കാണുന്നത് ഈ അദ്ധ്യയനത്തിന്റെ മഹാമഹമാണ്. ശിഥിലമായ കുടുംബത്തിന്റെ വേദനയിലൂടെയും പ്രണയ നൈരാശ്യത്തിലൂടെയും നിരവധി ദുഃഖദൃശ്യങ്ങളിലൂടെയും കടന്നു പോകുന്ന കുഞ്ഞുണ്ണി ഒരു ഗുരുവിനെ തേടുന്നു. കല്യാണി എന്ന കുട്ടി അയാളുടെ ഗുരുവായിത്തീരുന്നു; എല്ലാം വെടിഞ്ഞു തറവാട്ടുവീട്ടിലേക്കു തിരിച്ചെത്തുന്ന കുഞ്ഞുണ്ണിയുടെ മുൻപിൽ ജീവിതത്തിന്റെ അർത്ഥങ്ങൾ ഗുരുകൃപയിൽ തെളിഞ്ഞു വിളങ്ങുന്നു."

അതേ, 'ഗുരുസാഗരം'

ഗുരുവിനെ തേടിയുള്ള യാത്രയാണ്. കുഞ്ഞുണ്ണി എന്ന, ഡൽഹിയിൽ ജോലിചെയ്യുന്ന മലയാളി പത്രപ്രവർത്തകന്റെ, സ്വന്തം ആത്മീയഗുരുവിനെ തേടിയുള്ള യാത്ര. ആദ്യ ഗുരുവായ പിതാവിൽ തുടങ്ങി, തന്റെ പിതൃ പരമ്പരകളിലും, പുല്ലിലും പൂവിലും പ്രാണികളിലും കടലിലും പുഴയിലും ആകാശത്തിലും, മനുഷ്യനിലും ചരിത്ര സംഭവങ്ങളിലും വരെ കുഞ്ഞുണ്ണി ഗുരുവിനെ തേടുന്നു. തന്റെ ബാല്യകാല സുഹൃത്തും ഇപ്പോൾ സന്യാസജീവിതം നയിക്കുന്നവനുമായ കേണൽ ബാലകൃഷ്ണൻ എന്ന സ്വാമി നിർമ്മലാനന്ദൻ, പ്രാഗ് വസന്തത്തിന്റെ സമൃദ്ധിയിലേക്ക് ടാങ്കുകൾ ഉരുണ്ടു വന്ന പ്രാചീനങ്ങളായ ആക്രമണങ്ങളുടെ ദുഃഖം ഉള്ളിൽ പേറുന്ന, ചെക്ക് പത്രപ്രവർത്തകയായ ഓൾഗ, കോളേജ് പഠനകാലത്ത് തന്റെ ഇച്ഛയ്ക്ക് കീഴടങ്ങേണ്ടി വന്ന തറവാട്ടിലെ ദാസിയുടെ മകൾ ഹൈമവതി, ഡൽഹിയിലെ ഓഫീസിലെ കേട്ടെഴുത്തുകാരിയും, കുഞ്ഞുണ്ണിയെ സ്നേഹിക്കുന്നവളുമായ ലളിത ഇവരിൽ നിന്നെല്ലാം കുഞ്ഞുണ്ണി പലതും പഠിക്കുന്നു. കുഞ്ഞുണ്ണിക്ക് പല തിരിച്ചറിവുകളും ഉണ്ടാകുന്നു. അങ്ങനെ അവരെല്ലാം കുഞ്ഞുണ്ണിക്ക് ഗുരുക്കന്മാരാകുന്നു. എല്ലാവരിൽനിന്നും, എല്ലാ ജീവജാലങ്ങളിൽ നിന്നും,

പ്രകൃതിയിൽ നിന്നും എല്ലാം തനിക്കു പഠിക്കാനുണ്ടെന്ന് കുഞ്ഞുണ്ണി തിരിച്ചറിയുന്നു. കുഞ്ഞുണ്ണി തിരിച്ച് ലളിതയ്ക്ക് ഗുരുവാകുന്നു.

ബംഗാൾ വിഭജനത്തെക്കുറിച്ചും, അതുകാരണം ഉണ്ടാകാനിടയുള്ള യുദ്ധത്തെക്കുറിച്ചും റിപ്പോർട്ട് ചെയ്യാനായി കുഞ്ഞുണ്ണി കൽക്കത്തയിലേക്ക് പോകുന്നു. ഔദ്യോഗികമായ ഈ ലക്ഷ്യത്തിനു പുറമേ, വ്യക്തിപരമായ ഒരു ലക്ഷ്യം കൂടി ഈ കൽക്കത്താ സന്ദർശനത്തിന് അയാൾക്കുണ്ടായിരുന്നു.

തന്നെ വേർപിരിഞ്ഞു ജീവിക്കുന്ന തന്റെ ഭാര്യ ഡോക്ടർ ശിവാനിയേയും, താനൊരുപാട് സ്നേഹിക്കുന്ന തന്റെ മകൾ കല്യാണിയേയും കാണുക എന്നതും ശിവാനിയുമായുള്ള പ്രശ്നങ്ങൾ പരിഹരിച്ച് വീണ്ടും ഒന്നിച്ചൊരു ജീവിതം തുടങ്ങുക എന്നതും ആയിരുന്നു, കുറേ കാലങ്ങൾക്കു ശേഷമുള്ള ഈ കൽക്കത്താ സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യം. പക്ഷേ കുഞ്ഞുണ്ണിക്ക് അവരെ കാണാനായി കുറച്ചു ദിവസങ്ങൾ കാത്തിരിക്കേണ്ടി വരുന്നു. കാത്തിരിപ്പിന്റെ ആ ദിവസങ്ങളിൽ, കുഞ്ഞുണ്ണി പണ്ട് താൻ അച്ഛനോടൊത്തു പോയിട്ടുള്ള കൽക്കത്തയിലെ ബസ്തി  കളിലേക്ക് പോയി. അവിടെ വച്ച് കർമ്മത്തിന്റെ കെട്ടുപാടുകളെക്കുറിച്ചും ഭക്തിയേയും വിഭക്തിയേയും കുറിച്ചും അച്ഛൻ തനിക്ക് പകർന്നുതന്ന പാഠങ്ങൾ അയാൾ ഓർത്തെടുത്തു.

മൂന്ന് ദിവസങ്ങൾക്കുശേഷം, കുഞ്ഞുണ്ണി കല്യാണിയുമൊത്ത് അതേ സ്ഥലങ്ങളിലേക്ക് പോകുന്നു. കല്യാണിയുമൊത്തുള്ള ആ നിമിഷങ്ങളിൽ കുഞ്ഞുണ്ണി തന്റെ അച്ഛനിൽ നിന്നും കിട്ടിയ അറിവുകൾ തന്റെ മകളിലേക്ക്, അടുത്ത തലമുറയിലേക്ക് പകർന്നു കൊടുക്കുന്നു. കുഞ്ഞുണ്ണിയിൽ നിന്നും കല്യാണിയിലേക്കുള്ള ജ്ഞാനത്തിന്റെ ആ പകർന്നു കൊടുക്കൽ പൂർണ്ണമാകുന്നത്, ആ  യാത്രയ്ക്കിടയിൽ,  പൊടുന്നനെ മേഘങ്ങളുടെ കറുത്ത പടർപ്പിനെതിരേ ഒരുപറ്റം വെള്ളക്കൊറ്റികൾ പറന്നു പോകുന്നത് കാണുന്ന മാത്രയിലായിരുന്നു. ആ കാഴ്ച, കുഞ്ഞുണ്ണിയെ, ശ്രീരാമകൃഷ്ണ പരമഹംസർ ബോധോദയം നേടിയ നിമിഷത്തെ ഓർമിപ്പിച്ചു. കുഞ്ഞുണ്ണിയും, ആ നിമിഷം, അതേ പോലൊരു ബോധോദയാനുഭവത്തിലൂടെ കടന്നുപോയി. കുഞ്ഞുണ്ണിയിലൂടെ ആ അനുഭവം കല്യാണിയിലേക്കും സംക്രമിച്ചു.

"കുഞ്ഞുണ്ണി ഭജിച്ചു : ഗദാധരാ,  ഗുരുനാഥാ, നിന്റെ കൊറ്റികൾ ഇതാ പറന്നു പോകുന്നു!

"അച്ഛാ, നോക്കൂ!"

"ഗദാധരസ്വാമികളുടെ കൊറ്റികളാണ്, മകളേ."

"ആരുടെ, അച്ഛാ?"

"പരമഹംസന്റെ."

ദൈവമേ, തേടാതെ തെളിച്ചു തന്ന ഈ ഗുരുപൂർണിമയുടെ അർത്ഥമെന്ത്? ഈ

മേഘങ്ങളിൽ വെളുത്ത കൊറ്റികളെക്കൊണ്ട് എന്താണ് അവൻ എഴുതുന്നത്? കാഴ്ചയുടെ ആശ്ചര്യം അച്ഛനിൽ നിന്ന് മകളിലേക്ക് സംക്രമിച്ചു. കല്യാണി നിശ്ചലയായി പിതൃസന്നിധിയിൽ നിന്നു, ഗുരുസന്നിധിയിൽ നിന്നു."

യുദ്ധത്തിന്റെ റിപ്പോർട്ടിംഗ് ചെയ്യുന്നതിനിടയിൽ ഒരു  ദിവസം, കുഞ്ഞുണ്ണി തന്റെ ആത്മീയയാത്ര തുടങ്ങിയതിനെക്കുറിച്ച് ഓർക്കുന്നു. മനസ്സിന് ആശ്വാസം കിട്ടാനായി കുഞ്ഞുണ്ണി ഇടയ്ക്കിടയ്ക്ക് സ്വാമി നിർമ്മലാനന്ദന്റെ ആശ്രമമായ മുക്തിധാം സന്ദർശിക്കുക പതിവായിരുന്നു. അങ്ങനെയുള്ള ഒരു സന്ദർശനത്തിലാണ് താൻ ആത്മീയതയുടെ വഴിയിലേക്ക് തിരിഞ്ഞതെന്ന് അയാൾ ഓർത്തെടുക്കുന്നു. തന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ തന്നിൽ സൃഷ്ടിക്കുന്ന മാനസികമായ അസ്വാസ്ഥ്യങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ സ്വാമി അയാളോട് ആശ്രമത്തിലെ തടാകതീരത്ത് കുറച്ചുനേരം തനിച്ചിരിക്കാൻ ആവശ്യപ്പെടുന്നു. അവിടെ വെച്ച്, തടാകതീരത്തെ പുല്ലുകളുടെ കടയ്ക്കൽ, സ്വന്തം നിലനിൽപ്പിനു വേണ്ടി പരസ്പരം പോരടിക്കുന്ന ചെറുപ്രാണികളെ കുഞ്ഞുണ്ണി കാണുന്നു. ഈ കാഴ്ച അയാളിൽ അറിവിന്റെ പുതിയ പ്രകാശം നിറയ്ക്കുന്നു. താൻ ചവിട്ടടി വെയ്ക്കുന്ന പുല്ലിനെപ്പോലും ആദരിയ്ക്കേണ്ടതുണ്ട് എന്ന പുതിയ അറിവിൽ അയാൾ അവിടം വിടുന്നു.

" പുല്ലിന്റെ  ഉപനിഷത്ത് ഏറ്റുവാങ്ങാനായി കുഞ്ഞുണ്ണി മണ്ണിലിരുന്നു. യാത്രയല്ല, പ്രാണഭയമിയന്ന പലായനമാണ്; ചാതികൾ ഒന്ന് മറ്റൊന്നിനെ നായാടുകയാണ്. മുക്തിധാമിന്റെ അശാന്തി! കുഞ്ഞുണ്ണിയുടെ മുമ്പിൽ പുൽക്കടയ്ക്കലെ യുദ്ധം ഒരപാരദൃശ്യമായി. സഞ്ജയാ, കുഞ്ഞുണ്ണി പറഞ്ഞു, അങ്ങ് ഒരന്ധന്  കാണിച്ചുകൊടുത്ത യുദ്ധത്തിന്റെ ചിത്രം ഇതിന്റെ മുമ്പിൽ തുച്ഛമായിത്തീരുന്നുവല്ലോ. ഇപ്പോൾ കുഞ്ഞുണ്ണി ആ ചെറുചാതികളിലൊന്നിനകത്തേയ്ക്ക് നോക്കി, അതിന്റെ ജൈവ സ്ഥലങ്ങളിൽ കറങ്ങിത്തിരിയുന്ന എണ്ണമറ്റ സൗരമണ്ഡലങ്ങളെ കുഞ്ഞുണ്ണി കണ്ടു. ചാതിയുടെ ചോരയ്ക്കകത്ത് അതിന്റെ പുഴയോരങ്ങളിലിരുന്നുകൊണ്ട്, വരാഹമിഹിരൻമാർ ആ

സൗരമണ്ഡലങ്ങളുടെ ഗതികൾ ഗണിച്ച് ഏതോ പരമാണു ഗോത്രങ്ങളുടെ ജാതകങ്ങളെഴുതി.

കുഞ്ഞുണ്ണി പുല്ലിന്റെ മുമ്പിൽ ആദരവോടെ നിന്നു. ഗുരുനാഥാ, കുഞ്ഞുണ്ണി പറഞ്ഞു, അങ്ങയുടെ മുകളിൽ എന്റെ കാലടി വീഴുന്നു, അങ്ങയെ വേദനിപ്പിയ്ക്കാതെ എനിക്ക് നടന്നുകൂടല്ലോ. ഉണ്ണീ, നടക്കുക, പുല്ലു പറഞ്ഞു, വേദനയുടെ ശ്രീവൽസമാണിത്. പുല്ലിന്റെ കനിവ് കാട്ടു ചെടികളെ തൊട്ടു. കാട്ടു ചെടികളിൽനിന്ന് അത് അകലത്തെ വൻ മരങ്ങളിലേക്കും പിന്നെ മലമുടികളെ പൊതിഞ്ഞു കിടന്ന പച്ചക്കമ്പളങ്ങളിലേക്കും പടർന്നു..... "

യുദ്ധത്തിന്റെ റിപ്പോർട്ടിങ്ങും കുഞ്ഞുണ്ണിക്ക് പുതിയ അറിവുകൾ പകർന്നുകൊടുത്തു.

യുദ്ധവും അതിന്റെ ഭീകരതകളും, തന്റെ തന്നെ ആന്തരിക പ്രക്ഷുബ്ധതകളുടെ പ്രതിഫലനങ്ങളായി കുഞ്ഞുണ്ണിക്ക് അനുഭവപ്പെട്ടു. റിപ്പോർട്ടിംഗിന് വേണ്ടി ധാക്കയിൽ പോയ കുഞ്ഞുണ്ണി മരണത്തെ മുഖാമുഖം കാണുന്നു. ആ മരണാനുഭവം അയാളിലെ അഹംബോധത്തെ നശിപ്പിക്കുന്നു. രണ്ടുമാസത്തെ കോമയിൽ നിന്നും വീണ്ടും ജീവിതത്തിലേക്ക് തിരിച്ചുവന്ന കുഞ്ഞുണ്ണിക്ക് മുന്നിൽ ശിവാനി കയ്പ്പേറിയ ഒരു സത്യം വെളിപ്പെടുത്തുന്നു. ആ ദുഃഖസത്യം ആദ്യം വേദനാജനകമായിരുന്നെങ്കിലും അത് കുഞ്ഞുണ്ണിയെ തന്റെ ഗുരുവിനെ കണ്ടെത്തുന്നതിലേക്കും പരമമായ ആദ്ധ്യാത്മിക ജ്ഞാനം നേടുന്നതിലേക്കും നയിക്കുന്നു. കുഞ്ഞുണ്ണി, കല്യാണിയിൽ തന്റെ ആത്യന്തികഗുരുവിനെ കണ്ടെത്തുന്നു. ഈ ലോകം തന്നെ ഒരു ഗുരുവാണെന്നും, എല്ലാ വ്യക്തിയിൽ നിന്നും എന്തെങ്കിലുമൊക്കെ പഠിക്കാനുമുണ്ടെന്ന പരമമായ തിരിച്ചറിവിലെത്തുന്നു കുഞ്ഞുണ്ണി. തന്റെ മകൾക്ക് വേണ്ടി മാത്രമായി അയാൾ കരുതിവെച്ച സ്നേഹം മുഴുവൻ ഈ ലോകത്തിലേക്കു മുഴുവനുമായി അയാൾ കൈമാറുന്നു. ആത്മജ്ഞാനം നേടിയ കുഞ്ഞുണ്ണി, തന്റെ എല്ലാ കർമ്മബന്ധനങ്ങളും ഉപേക്ഷിച്ച്, തന്റെ തറവാട്ടുവീട്ടിലേക്ക് തിരിച്ചു പോകുന്നു.

"തറവാട്ടിന്റെ പുറത്തളത്തിൽ ഏതോ കഴിഞ്ഞ കാലത്തെ തച്ചന്മാർ പുരാണകഥകൾ കൊത്തിവെച്ച വലിയ തേക്കിൻതൂണിൽ ഒറ്റയ്ക്കു ചാരിയിരുന്നു കൊണ്ട് കുഞ്ഞുണ്ണി ഉൾക്കാതറിഞ്ഞു:

ഓം സഹനാവവതു

സഹനൗ ഭുനക്തു

സഹവീര്യം കരവാവഹൈ

തേജസ്വിനാവധീത മസ്തു

മാ വിദ്വിഷാവഹൈ

ഓം ശാന്തി:ശാന്തി:ശാന്തി:

എങ്ങും നിറഞ്ഞ ഗുരുവിന്റെ കരുണയിൽ എല്ലാം തെളിയുകയും വിളങ്ങുകയും ചെയ്യുന്നു."

ഉൾക്കണ്ണു തുറന്നു വയ്ക്കൂ.... ഗുരുക്കന്മാരുടെ ഒരു സാഗരം നിങ്ങൾക്കു മുന്നിൽ തെളിയും.....

വയലാർ അവാർഡും കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും നേടിയ നോവലാണ് ഗുരുസാഗരം. അഗാധവും നിഗൂഢവുമായ അർത്ഥതലങ്ങൾ നിറഞ്ഞ വാക്യങ്ങൾ കൊണ്ട് സമ്പുഷ്ടമാണീ നോവൽ. കഥാകൃത്തിന്റെ അതിഗഹനമായ ചിന്താസരണികളിൽ  നിന്നും, അത്യുന്നതമായ ബൗദ്ധികനിലവാരത്തിൽ നിന്നും ലാവ പോലെ ഉരുകിയൊലിക്കുന്ന വാക്കുകൾ. ആ വാക്കുകൾ വായനക്കാരിൽ അമൂർത്തമായ

വികാരവിക്ഷോഭങ്ങൾ സൃഷ്ടിക്കുന്നു. മലയാളഭാഷയിൽ ഇത്രയും മനോഹരമായ വാക്കുകൾ ഉണ്ടല്ലോയെന്ന് വായനക്കാരനെ ചിന്തിപ്പിക്കുന്നു, ഈ മഹത്തായ സൃഷ്ടി. ആ വാക്കുകൾ ഇത്രയും സുന്ദരമായി - അതിനു പകരം വേറൊരു വാക്കുപയോഗിക്കാൻ കഴിയാത്ത രീതിയിൽ - സമർത്ഥമായി ഉപയോഗിച്ചിരിക്കുന്നു

ഒ.വി. വിജയൻ എന്ന സാഹിത്യകുലപതി.

പലപ്പോഴും ഈ നോവൽ വായനക്കാരനെ ആത്മീയവും ദൈവികവുമായ ഉച്ചസ്ഥായികളിലേക്ക് നയിക്കുന്നു. സംസ്കൃതഭാഷയിലെയും ഭാരതീയ പുരാണങ്ങളിലെയും കഥാകാരന്റെ പാണ്ഡിത്യം നമുക്ക് അനുഭവവേദ്യമാകുന്നു. ഭാരതഖണ്ഡത്തിന്റെ ചരിത്രത്തിലേക്കും ചരിത്രാതീതകാലങ്ങളിലേക്കും പലപ്പോഴായി കഥാകാരൻ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. ഒരു യുദ്ധവും നല്ലതൊന്നും അവശേഷിപ്പിക്കുന്നില്ലെന്ന മഹാസത്യം, നോവലിൽ പ്രതിപാദിച്ചിരിക്കുന്ന പല യുദ്ധങ്ങളുടെയും വിപ്ലവങ്ങളുടെയും അടിസ്ഥാനത്തിൽ അദ്ദേഹം പറഞ്ഞു വെയ്ക്കുന്നു. ശിവാനിയുടെയും കല്യാണിയുടെയും ജീവിതത്തിന്റെ പശ്ചാത്തലത്തിൽ, മനുഷ്യ ജീവിതത്തിലെ വിരോധാഭാസങ്ങളെക്കുറിച്ച് നമ്മെ ചിന്തിപ്പിക്കുന്നു, ഈ ക്ലാസിക് നോവലിലൂടെ, മലയാളത്തിന്റെ സ്വന്തം തസ്രാക്കിന്റെ എഴുത്തുകാരൻ.

പ്രസാധകർ : ഡി. സി. ബുക്സ്

വില : Rs.125/-